


# കാത്തിരിപ്പിന്റെ കൃപ സ്വന്തമാക്കിയവർ

(ഉൽ. 17:15 – 22; ഏശയ്യാ 43:1 – 7, 10 – 11; എഫേ. 5:21, 6:4; ലൂക്കാ 1:5 – 25)

ബ്ര. ജോർജ്ജ് കൈതപ്പറമ്പിൽ MCBS (Vol. 10, Issue 26)

ഇന്ന് മംഗളവാർത്താക്കാലം ആരംഭിക്കുകയാണല്ലോ. വാഗ്ദാനങ്ങളിൽ വിശ്വസ്തനായ ദൈവം വാഗ്ദാനത്തിന്റെ പൂർത്തീകരണമായി ലോകം മുഴുവൻ രക്ഷ നൽകുവാൻ തന്റെ പുത്രനെ അയച്ചു എന്നുള്ള സദ്വാർത്തയാണ് ഈ കാലഘട്ടത്തിന്റെ ആധാരബിന്ദു. ദൈവം മാനവരാശിയെ അതിന്റെ തകർച്ചയിൽ കൈവിടില്ല എന്ന സത്യമാണ് മംഗളവാർത്താക്കാലം നമുക്ക് നൽകുന്ന സന്ദേശം.

നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്ന കാര്യങ്ങൾ എല്ലാം ദൈവത്തിന്റെ പരിപാലനയുടെ തുടർച്ചയാണെന്നും, നമുക്കുവേണ്ടി അവിടുന്ന് കരുതിവച്ചിരിക്കുന്നത് നാം ഒരിക്കലും പ്രതീക്ഷിക്കാത്ത സമ്മാനമാണെന്നും, ഇന്ന് തിരുസഭ വചനത്തിലൂടെ നമ്മെ ഓർമ്മിപ്പിക്കുന്നു. മനുഷ്യന്റെ അസാദ്ധ്യതകളെ സാദ്ധ്യതകളാക്കി മാറ്റുന്ന ദൈവത്തിന്റെ കൃപയുടെ പ്രവൃത്തിയാണ് സഖറിയായുടെയും എലിസബത്തിന്റെയും ജീവിതത്തിൽ നാം കാണുക. മനുഷ്യരക്ഷ ഒരിക്കലും മനുഷ്യന്റെ പ്രവർത്തികളുടെ ഫലമല്ല. മറിച്ച്, ദൈവത്തിന്റെ കരുണയുടെ പ്രവർത്തിയാണെന്ന് തെളിയിക്കുന്നതാണ് സ്നാപകന്റെ ജനനം. ദൈവത്തോട് സഹകരിക്കുമ്പോഴേ മനുഷ്യന് രക്ഷ നേടാൻ സാധിക്കൂ എന്ന് വചനം വ്യക്തമാക്കുന്നു.

കാത്തിരിപ്പിന്റെ ജീവിതമാണ് ക്രൈസ്തവന്റെ ജീവിതം എന്ന് ഇന്നത്തെ വചനഭാഗം അടിവരയിട്ടു പറയുന്നു. മനുഷ്യന്റെ സഹകരണത്തിനായി കാത്തുനിൽക്കുന്ന ഒരു നല്ല ദൈവത്തിന്റെ ചിത്രവും, ദൈവത്തിനായി കാത്തിരിക്കുന്ന ഒരു ജനതയുടെ ചിത്രവും നാം വചനത്തിലൂടെ കാണുന്നു.

നൂറ്റാണ്ടുകളായി രക്ഷകാത്തിരുന്ന പഴയനിയമ ജനതയുടെ പ്രതിനിധികളായിട്ടാണ് സഖറിയായെയും എലിസബത്തിനെയും വി. ലൂക്കാ അവതരിപ്പിക്കുക. കുറ്റമറ്റവരും നീതിനിഷ്ഠരുമായിരുന്നിട്ടും മക്കളില്ലാത്തതിന്റെ അപമാനം പേറുന്ന ഈ ദമ്പതികളുടെ ജീവിതത്തോടു കൂടിയാണ് രക്ഷാകരചരിത്രം ആരംഭിക്കുക. സഖറിയ എന്ന പേരിന്റെ അർത്ഥം “ദൈവം ഓർക്കുന്നു”, “ദൈവം അനുസ്മരിച്ചു” എന്നൊക്കെയാണ്. തന്റെ പുത്രന് വഴിയൊരുക്കാൻ ദൈവം ഒരുവനെ തെരഞ്ഞെടുക്കാൻ ആഗ്രഹിച്ചപ്പോൾ, ദൈവം ഓർത്ത അപ്പനാണ് സഖറിയ; കൂടെ ദൈവം ഓർത്ത അമ്മയാണ് എലിസബത്ത്. വിശ്വാസത്തിന്റെ പ്രാർത്ഥനകളും വിശുദ്ധിയുടെ സമർപ്പണങ്ങളും ദൈവം മറക്കില്ലെന്ന് ഈ ദമ്പതികൾ നമുക്ക് മനസ്സിലാക്കിത്തരുന്നു.

കുഞ്ഞുങ്ങളില്ലാത്തത് ഒരു ശാപമായി കരുതിയിരുന്ന കാലഘട്ടത്തിൽ ദൈവത്തോട് പരാതി പറയാതെ ദൈവത്തിന്റെ പദ്ധതിക്കും സമയത്തിനും വേണ്ടി കാ

ത്തിരിക്കുന്നവരാണ് സഖറിയായും എലിസബത്തും. ദൈവത്തിന്റെ വഴിയേ നടക്കുന്നതിനാൽ നമുക്ക് ഒരു കുറവും വന്നുകൂടാ എന്ന് ശാഠ്യം പിടിക്കാൻ നമുക്ക് അവകാശമില്ല. കാരണം, അവിടുത്തെ പദ്ധതികൾ നടപ്പാക്കുന്നതിൽ നമ്മുടെ കുറവുകൾക്കും പങ്കുണ്ട്. അതിനാൽ, നമ്മുടെ കുറവുകളെക്കുറിച്ച് നിരാശപ്പെടാതെ, അവയെ ദൈവീകപദ്ധതിയുടെ ഭാഗമായിക്കാണാൻ സാധിക്കുമ്പോൾ നാമും അനുഗ്രഹീതരാവും. അതിനാൽ, വാർദ്ധക്യത്തിലും, വന്ധ്യതയിലും ദൈവത്തോടു ചേർന്നുനിൽക്കുന്ന ഈ ദമ്പതികൾ എല്ലാ കുടുംബങ്ങൾക്കും മാതൃകയായി നിലകൊള്ളുന്നു. കാത്തിരിപ്പിൽ ഓരോരുത്തരും എടുക്കുന്ന നിലപാടുകളും, മനോഭാവങ്ങളുമാണ് ഓരോ കാത്തിരിപ്പിനെയും അർത്ഥപൂർണ്ണമാക്കുന്നത്. ഈ അനുഗ്രഹം പ്രാപിക്കാൻ കർത്താവ് അവരെ ഒരുക്കുകയായിരുന്നു; ഇതാണ് ദൈവത്തിന്റെ പദ്ധതി. എനിക്കിഷ്ടപ്പെട്ടത് ഞാൻ ആവശ്യപ്പെടുമ്പോൾ നൽകുന്ന ഷോപ്പിംഗ് മാൾ അല്ല ദൈവം. എനിക്കും എന്നെക്കുറിച്ചുള്ള ദൈവീകപദ്ധതിക്കും ഉചിതമായ നന്മകൾ കരുതലോടെ തക്കസമയത്ത് നൽകുന്ന വത്സലപിതാവാണ് ദൈവം. സ്നാപകന്റെ ദൗത്യത്തെക്കുറിച്ച് വചനം പറയുക രണ്ടു കാര്യങ്ങളാണ്. ഒന്ന്, വാഗ്ദാനം ചെയ്യപ്പെട്ട രക്ഷകന് വഴിയൊരുക്കുക, രണ്ട് അവിടുന്നിലേയ്ക്ക് ജനങ്ങളെ അടുപ്പിക്കുക. ഇതു തന്നെയാണ് ക്രിസ്ത്യാനികളായ നമ്മുടെ ദൗത്യവും.

ഒരിക്കൽ കൽക്കട്ടയിലെ തെരുവിൽ വിശന്നുതളർന്ന ബാലന് ഭക്ഷണം നൽകി, നെഞ്ചോടു ചേർത്തപ്പോൾ വി. മദർ തെരേസയുടെ കണ്ണുകളിൽ നോക്കി അവൻ ചോദിച്ചു: ''അമ്മയാണോ ക്രിസ്തു'' എന്ന്. മൊളോക്കായിലെ കുഷ്ഠരോഗികളുടെ ഇടയിലേയ്ക്ക് ഇറങ്ങിച്ചെന്ന് തന്റെ എളിയജീവിതം കൊണ്ട് അവരെ മുഴുവൻ ക്രിസ്തുവിനായി നേടിയ ഡാമിയൻ അച്ചനും, ഒന്നുമില്ലാത്തവരുടെ ഇടയിലേയ്ക്ക് ഇറങ്ങിച്ചെന്ന് അവരുടെ ഉയർച്ചയ്ക്കുവേണ്ടി അദ്ധ്വാനിച്ച് രക്തസാക്ഷിത്വം ചൂടിയ സിസ്റ്റർ റാണി മരിയയും മറ്റൊരു സ്നാപകനായി തീർന്നവരാണ്. വാക്കുകളേക്കാളുപരി ജീവിതം കൊണ്ട് ക്രിസ്തുവിന് വഴിയൊരുക്കേണ്ടവരാണ് നാം (മത്തായി 5:48). നമ്മുടെ കുടുംബത്തിൽ, സമൂഹത്തിൽ, ഇടവകയിൽ, നാം ആയിരിക്കുന്ന ഇടങ്ങളിലെല്ലാം അനേകർക്ക് ക്രിസ്തുവിനെ കാണിച്ചുകൊടുക്കുന്ന നക്ഷത്രമായിത്തീരാൻ നമുക്ക് സാധിക്കണം. നമ്മുടെ കാരുണ്യം നിറഞ്ഞ സ്നേഹം, ഒരു വിളി, ഒരു പുഞ്ചിരി അതുമതി ക്രിസ്തു ആരെന്ന് അനേകർക്ക് മനസ്സിലാകാൻ.

ടി. പത്മനാഭന്റെ ആത്മകഥയിൽ അദ്ദേഹം വിവരിക്കുന്ന വളരെ ഹൃദയസ്പർശിയായ ഒരു രംഗമുണ്ട്. ജോലി കഴിഞ്ഞ് ഏറെ താമസിച്ച് വീട്ടിൽ വരുന്ന തന്റെ മകന്, യാതൊരു ആപത്തും വരാതിരിക്കാൻ വീട്ടിലേയ്ക്കുള്ള വഴിയുടെ ഇരുവശത്തും മൺചിരാതുകൾ കത്തിച്ച് മകന് വീട്ടിലേയ്ക്കുള്ള വഴി കാണിച്ചുകൊടുക്കുന്ന ഒരമ്മയുടെ ചിത്രം. ആ കത്തിച്ച മൺചിരാതുകളിലെ വെളിച്ചത്താൽ തന്റെ പ്രിയമകനെ ലക്ഷ്യത്തിലെത്തിക്കുന്നതുപോലെ നമുക്ക് നമ്മുടെ എളിയജീവിതമാകുന്ന മൺചിരാതുകൾ കത്തിച്ച് സ്നാപകനെപ്പോലെ അനേകരെ ക്രിസ്തുവാകുന്ന ലക്ഷ്യത്തിലേയ്ക്ക് വഴി നടത്തണം.

ഖലീൽ ജിബ്രാന്റെ 'പ്രവാചകൻ' അമ്മയ്ക്ക് കൊടുക്കുന്ന ഉപദേശം ഇപ്രകാരമാണ്. നിങ്ങളുടെ കുഞ്ഞുങ്ങൾ നിങ്ങളിലൂടെ വന്നു. എന്നാൽ, അവർ നിങ്ങളുടെ സ്വന്തമല്ല. അവർക്ക് നിങ്ങളുടെ സനേഹം നൽകൂ. എന്നാൽ, അവരെ ഒരിക്കലും മറ്റൊരു നിങ്ങളാക്കരുത്. സഖറിയായും എലിസബത്തും തങ്ങൾക്കു ലഭിച്ച മകനെ തങ്ങളുടേതിനെക്കാൾ ദൈവത്തിന്റേതായി വളർത്തി. ഇതു തന്നെയാണ് നമ്മുടെ കുടുംബങ്ങളിലും സംഭവിക്കേണ്ടത്. നമ്മുടെ കുഞ്ഞുങ്ങളെ യേശുവാകുന്ന വഴി കണ്ടെത്താനും അവനിലൂടെ ചരിക്കാനുമാണ് നാം പരിശീലിപ്പിക്കേണ്ടത്. ദൈവം നൽകിയ മക്കൾക്ക് ദൈവത്തെ അറിഞ്ഞ് വളരാനുള്ള സാഹചര്യം നമ്മുടെ കുടുംബങ്ങളിൽ ഉണ്ടായിരിക്കട്ടെ. കുട്ടികൾക്ക് ആത്മീയമൂല്യങ്ങൾ പകരുന്നതിൽ നാം പരാജയപ്പെടുമ്പോൾ, ആത്മീയവളർച്ച ഉറപ്പു വരുത്തേണ്ട കുടുംബങ്ങളിൽ പ്രാർത്ഥനകൾ ഇല്ലാതായി വരുമ്പോൾ സഖറിയായും എലിസബത്തും നമ്മുടെ മുന്നിൽ വെല്ലുവിളികളായി ഉയരുകയാണ്.

അതിനാൽ, സഖറിയായെയും എലിസബത്തിനെയും പോലെ ദൈവസന്നിധിയിൽ വിശ്വാസത്തോടെ പ്രാർത്ഥനാപൂർവ്വം കാത്തിരിക്കാനും, സ്നാപകനെപ്പോലെ അനേകരെ ക്രിസ്തുവിലേയ്ക്ക് അടുപ്പിക്കാനും ഞങ്ങളുടെ ജീവിതങ്ങളെ കൃപ നിറഞ്ഞതാക്കണമേ എന്ന പ്രാർത്ഥനയോടെ ഈ ബലിയിൽ നമുക്ക് പങ്കുകൊള്ളാം. അതിനായി ദൈവം നമ്മെ ഓരോരുത്തരെയും അനുഗ്രഹിക്കട്ടെ.